# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 നവംബർ 23**

---

## എം.ജി സർവകലാശാലയിൽ അധ്യാപകരുടെ ഒഴിവുകളിലേക്ക് ജനുവരി ഒന്നു വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ പ്രഫസർ, അസോസിയേറ്റ് പ്രഫസർ, അസിസ്റ്റൻറ് പ്രഫസർ തസ്തികകളിലെ ഒഴിവുകളിൽ നിയമനത്തിന് ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2024 ജനുവരി ഒന്നു വരെ നീട്ടി. ഓൺലൈനിൽ സമർപ്പിക്കുന്ന അപേക്ഷയുടെ ഹാർഡ് കോപ്പിയും അനുബന്ധ രേഖകളും ജനുവരി അഞ്ചു വരെ സർവകലാശാലയിൽ നേരിട്ട് നൽകാം.

2018ലെ യു.ജി.സി മാർഗനിർദേശങ്ങൾ പ്രകാരം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾ അടങ്ങുന്ന വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. https://facultyrecruitment.mgu.ac.in/ എന്ന വെബ് പേജ് വഴി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1385/2023)

## സ്പെഷ്യൽ ടീച്ചർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സ്പെഷ്യൽ ടീച്ചർ തസ്തികയിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

മുസ്ലിം(എൻ.സി.എ), എൽസി/എ.ഐ(എൻ.സി.എ) വിഭാഗങ്ങളിൽ ഓരോ ഒഴിവുകളിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. വർഷാന്ത്യ വിലയിരുത്തലിൻറെ അടിസ്ഥാനത്തിൽ പരമാവധി മൂന്നു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകും.

സ്പെഷ്യൽ എജ്യുക്കേഷൻ(ഇൻറലക്ചൽ ഡിസെബിലിറ്റി) വിഷയത്തിൽ ബി.എഡ്, മാനസികവും ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ രണ്ടു വർഷത്തിൽ കുറയാതെ ക്ലാസ് എടുത്ത പരിചയം എന്നിവയാണ് അടിസ്ഥാന യോഗ്യത.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 25000 രൂപ. പ്രായം 2023 ജനുവരി ഒന്നിന് 50 വയസ് കവിയരുത്(പട്ടികജാതി, പട്ടികവർഗ, പിന്നാക്കവിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുകൾ അനുവദിക്കും).

വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, അധിക യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന രേഖകളുടെയും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൻറെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ada5@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ഡിസംബർ രണ്ട് വൈകുന്നേരം അഞ്ചു മണി വരെ അയയ്കാം.

ഒക്ടോബർ 16ലെ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1386/2023)

## **പരീക്ഷാ തീയതി**

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് നടത്തുന്ന പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി(ഓണേഴ്സ്, 2013-2015 അഡ്മിഷൻ സപ്ലിമെൻററി, 2012 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2011 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകളുടെ അഞ്ചാം സെമസ്റ്റർ പരീക്ഷകൾ ഡിസംബർ എട്ടിനും ആറാം സെമസ്റ്റർ പരീക്ഷകൾ ഡിസംബർ നാലിനും ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1387/2023)

## **കോഴ്സ് വൈവ**

മൂന്നാം സെമസ്റ്റർ എം.ബി.എ(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ കോഴ്സ് വൈവയും സമ്മർ ഇൻറേൺഷിപ്പ് റിപ്പോർട്ട് ഇവാല്യുവേഷനും നവംബർ 27 മുതൽ അതത് കോളജുകളിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1388/2023)

## **വൈവ വോസി**

നാലാം സെമസ്റ്റർ എം.എ സോഷ്യോളജി(പ്രൈവറ്റ് രജിസ്ട്രേഷൻ - 2021 അഡ്മിഷൻ റഗുലർ - ജൂൺ 2023) പരീക്ഷയുടെ വൈവ വോസി ഡിസംബർ അഞ്ചിന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1389/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**